പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ. 2798

19.06.14 ൽ

മറുപടി നൽകേണ്ടിയിരുന്നത്

## കനോലികനാലിന്റെ കരകളെ സി.ആർ.ഇസഡ് -ന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്.

ചോദ്യം

ശ്രീമതി.ഗീതാ ഗോപി :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മുതൽ പൊന്നാനി വരെ നീണ്ടു കിടക്കുന്ന മനുഷ്യനിർമ്മിതമായ കനോലി കനാലിന്റെ തീരങ്ങളിൽ താമസിക്കുന്നവർക്ക് സി.ആർ.ഇസഡ് പരിധി നിയമം ബാധകമാണോ ; | (എ) | ബാധകമാണ്. കനോലി കനാലിന്റെ ഇരു കരകളിലും 100 മീ.അഥവാ കനാലിന്റെ വീതി ഏതാണോ കുറവ് അത്രയും ഭാഗം വിജ്ഞാപനത്തിന്റെ പരിധിയിൽ ഉൾപ്പെടും. |
| (ബി) | പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് കനോലി കനാൽ തീരവാസികൾക്ക് വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | സി.ആർ.ഇസഡ്. വിജ്ഞാപനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ കെട്ടിടനിർമ്മാണത്തിനുള്ള ദൂരപരിധിയിൽ ഇളവനുവദിച്ച് തീരവാസികളുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | തദ്ദേശവാസികളുടെഭവനങ്ങൾക്കാവശ്യമായ കെട്ടിട നിർമ്മാണത്തിന് ഇളവുകൾ അനുവദിക്കുന്നതിന് ഫിഷറീസ് ആന്റ് പോർട്ട് വകുപ്പിൽ നിന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ